6380.

ക്യു.ഐ.പി.(2)/206483/2020/ഡി. ജി. ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 20/11/2020

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)

സർ,

വിഷയം : പൊ.വി - കലാ-ഉത്സവം 2020-21 സംഘാടനം- സംബന്ധിച്ച്.

സൂചന : 17/11/2020 തീയതിയിലെ എസ്.എസ്.കെ സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറുടെ പി3/2804/2020/എസ്.എസ്.കെ നമ്പർ കത്ത്.

************

23/11/2020
AS

2020-21 വർഷത്തെ "കലാ-ഉത്സവം" സംഘാടനവുമായി ബന്ധപ്പെട്ട് മിനിസ്ട്രി ഓഫ് എഡ്യൂക്കേഷനിൽ നിന്നും ലഭിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ സമഗ്രശിക്ഷാ കേരളം പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

സന്തോഷ് സി.എ.
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

23/11/20

പുറത്തെഴുത്ത് നം. എ5/ [illegible] തി. 24/11/20
പകർപ്പ് എല്ലാ പ്രധാനാദ്ധ്യാപകർക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

25/11/20
ഡി.ഇ.ഒ
ആലത്തൂർ
24/11/20

സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാ...
**സമഗ്ര ശിക്ഷാ, കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

പി3-2804/2020/എസ്.എസ്.കെ. തീയതി : 16-11-2020

## സർക്കുലർ

വിഷയം : എസ്.എസ്.കെ. - കലാ ഉത്സവ് - ബി.ആർ.സി.തലമത്സരം - പുതുക്കിയ മാർഗനിർദേശങ്ങൾ - സംബന്ധിച്ച്

സൂചന : 06-11-2020, 11-11-2020 തീയതികളിലെ ഇതേ നമ്പർ സർക്കുലർ

ബി.ആർ.സി.തലത്തിൽ കലാഉത്സവിനു പങ്കെടുക്കുന്ന കുട്ടികളുടെ പട്ടിക ഇനം തിരിച്ച് തയ്യാറാക്കി 2020 നവംബർ 16-നു മുമ്പായി സംസ്ഥാന ഓഫീസിൽ ലഭ്യമാക്കാനുള്ള നിർദേശം സൂചന (1) പ്രകാരം ജില്ലകൾക്ക് ഇതിനോടകം നൽകിയിട്ടുള്ളതാണ്.

കലാ ഉത്സവുമായി ബന്ധപ്പെട്ട് സൂചന പ്രകാരമുള്ള സർക്കുലറിലെ മാർഗനിർദേശങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തി ചുവടെ പറയും പ്രകാരം സംഘടിപ്പിക്കുന്നതിന് നിർദേശം നൽകുന്നു.

1. ബി.ആർ.സി.തല മത്സരം നടത്തുന്നതിനുമുമ്പായി ജില്ലാതല കൺവെർജൻസ് മീറ്റിംഗ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ RDD (HSE), AD(VHSE), Deputy Director (DDE), Pothuvidyabhyasa Samrakshana Yajnam District Co-ordinator, IT @ School District Co-ordinator, DEO, AEO, കലാഉത്സവ് ചാർജുള്ള പ്രോഗ്രാം ഓഫീസർ, ബി.പി.സി എന്നിവർ പങ്കെടുക്കേണ്ടതാണ്. യോഗത്തിൽ ബി.ആർ.സി.തലത്തിലും ജില്ലാതലത്തിലും നടത്തേണ്ട സംഘാടനത്തെപറ്റിയും നടത്തിപ്പിനെക്കുറിച്ചും ചർച്ച ചെയ്യേണ്ടതാണ്.
2. ഒരു ഇനത്തിൽ ഒരു സ്കൂളിൽ നിന്ന് ഒരു കുട്ടി പങ്കെടുത്താൽ മതിയാകും.
3. മത്സരാർത്ഥികളുടെ എണ്ണം അനുസരിച്ച് മത്സരകേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്.
4. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ പ്രസ്തുത കേന്ദ്രങ്ങൾ (ക്ലാസ്റൂം/നിലവിലുള്ള സ്റ്റേജ്) അണുവിമുക്തമാക്കേണ്ടതാണ്. സോപ്പ്, വെള്ളം, സാനിട്ടൈസർ തുടങ്ങിയവ സജ്ജീകരിക്കേണ്ടതുണ്ട്.
5. ഐ.ടി @ സ്കൂളിൽ നിന്നും പൊതുവിദ്യാലയങ്ങൾക്കു ലഭിച്ചിട്ടുള്ള ക്യാമറ/ ബി.ആർ.സി.കളിൽ ലഭ്യമായിട്ടുള്ള ക്യാമറ ഉപയോഗിച്ച് മത്സരാർത്ഥികളുടെ പ്രകടനം റെക്കോർഡ് ചെയ്യേണ്ടതാണ്. ക്യാമറ കൈകാര്യം ചെയ്യുന്നതിനായി ഐ.ടി. @ സ്കൂളിന്റെ പരിശീലനം ലഭിച്ച HITC-മാരുടെ സേവനം തേടേണ്ടതാണ്. (ഇതിനായുള്ള തീരുമാനം കൺവെർജൻസ് മീറ്റിംഗിൽ എടുക്കേണ്ടതാണ്.) രണ്ടു ക്യാമറകൾ ഒരു കേന്ദ്രത്തിന് ലഭ്യമാക്കുന്നത് അഭികാമ്യമാണ്.

6. വേദിയിലെയും കേന്ദ്രത്തിലെയും ആൾക്കൂട്ടം ഒഴിവാക്കേണ്ടതാണ്. 4 – 6 മിനിട്ടുവരെയാണ് Visual arts, Indigenous toy making ഒഴികെയുള്ള ഇനങ്ങളുടെ അവതരണത്തിനായി നിശ്ചയിച്ചിട്ടുള്ള സമയം. ഓരോ കുട്ടിയ്ക്കും അവതരണത്തിനായി മുൻകൂട്ടി സമയം നിശ്ചയിച്ച് നല്കേണ്ടതാണ്.
7. മത്സര സമയത്ത് ഒരു കേന്ദ്രത്തിൽ ചുമതലപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ, സ്കൂളിലെ ഒരധ്യാപകൻ, കുട്ടി, കുട്ടിയുടെ ഒരു രക്ഷകർത്താവ്, മറ്റു സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ളവർ ഉൾപ്പെടെ 12 പേരിൽ കൂടാൻ പാടില്ല.
8. അടുത്തടുത്തുള്ള രണ്ട് മത്സരാർത്ഥികൾക്കു നൽകുന്ന സമയക്രമത്തിൽ 10 മിനിട്ടിൽ കുറയാത്ത വ്യത്യാസം ഉണ്ടാകേണ്ടതാണ്.
9. പൊതുഗതാഗത സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥ യാത്രാപ്പടി നൽകേണ്ടതാണ്.
10. പൊതുഗതാഗത സൗകര്യം ഉപയോഗിക്കാൻ സാധിക്കാത്ത ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഓട്ടോ കൂലി നൽകാവുന്നതാണ്. ഇത് പരമാവധി 200/- രൂപയിൽ നിജപ്പെടുത്തേണ്ടതാണ്.
11. മത്സരങ്ങൾ കോസ്റ്റ്യൂംസ് ഒഴിവാക്കി നടത്തേണ്ടതാണ്.
12. മത്സരാർത്ഥികൾക്ക് സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ പരിപാടി അവതരിപ്പിക്കാൻ അവസരം നൽകേണ്ടതാണ്.
13. വിവിധ കേന്ദ്രങ്ങളിൽ ഷൂട്ട് ചെയ്ത് റെക്കോർഡ് ചെയ്ത വീഡിയോകൾ ബി.ആർ.സി.തലത്തിൽ ഇനം തിരിച്ച് ക്രോഡീകരിച്ച് (ആൺ/പെൺ വെവ്വേറെ) ജഡ്ജ്മെന്റിന് വിധേയമാക്കേണ്ടതാണ്.
14. പ്രാവീണ്യമുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകർ/ട്രെയിനർമാർ/സി.ആർ.സി. കോ-ഓർഡിനേറ്റർമാർ എന്നിവരെ വിധിനിർണ്ണയത്തിനായി തെരഞ്ഞെടുക്കേണ്ടതാണ്. ഒരു ബി.ആർ.സി.യുടെ ജഡ്ജസ്-നെ തെരഞ്ഞെടുക്കുമ്പോൾ ജില്ലയിലെ പ്രസ്തുത ബി.ആർ.സി ഒഴിവാക്കി, മറ്റു ബി.ആർ.സികളിൽ നിന്നും വിധികർത്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.
15. ഓരോ ഇനത്തിന്റെയും വിധി നിർണ്ണയത്തിനായി 3 വിധികർത്താക്കൾക്ക് ചുമതല നൽകേണ്ടതാണ്.
16. വിഷ്വൽ ആർട്സ് ഐറ്റം നം. 7, 8, 9 എന്നിവയുടെ മത്സരം താഴെ പറയുന്ന രീതിയിൽ നടത്തേണ്ടതാണ്.
    i. ഐറ്റം നമ്പർ 7, 8 മത്സര ഇനങ്ങളുടെ ദൈർഘ്യം 2 മണിക്കൂറായും 9-ാമത്തെ ഇനത്തിന്റെ മത്സരദൈർഘ്യം മൂന്നു മണിക്കൂറായും നിജപ്പെടുത്തേണ്ടതാണ്.
    ii. ഒരു ബി.ആർ.സി.യുടെ പരിധിയിൽ കേന്ദ്രങ്ങൾ നിശ്ചയിച്ച് കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹിക അകലം നിലനിറുത്തി മത്സരം സംഘടിപ്പിക്കേണ്ടതാണ്.
    iii. വിഷ്വൽ ആർട്സ് മത്സരങ്ങളുടെ വിധിനിർണയം തത്സമയം നടത്തേണ്ടതാണ്.
    iv. ഇതിൽ പങ്കെടുക്കുന്ന കുട്ടികളുടെ മത്സരത്തിന്റെ തുടക്കം, ഉപയോഗിക്കുന്ന വസ്തുക്കൾ, ഒരു മണിക്കൂർ കഴിഞ്ഞുള്ള ദൃശ്യങ്ങൾ, അവസാനമായി ലഭി



PS

ക്കുന്ന ഉത്പന്നം എന്നിവ ഉൾപ്പെടുത്തിയ 10 മിനിറ്റ് ദൈർഘ്യമുള്ള റെക്കോഡ് ചെയ്യേണ്ടതാണ്.

v. ഒന്നാം സമ്മാനാർഹരായ കുട്ടികളുടെ വീഡിയോ ജില്ലാ പ്രോജക്ട് ഓഫീസിൽ എത്തിക്കേണ്ടതാണ്.

17. ഓരോ ഐറ്റവും മൂല്യനിർണയം നടത്തുന്നതിനുള്ള ഫോർമാറ്റ് വിധികർത്താക്കൾക്ക് മുൻകൂറായി നൽകേണ്ടതാണ്. മൂല്യനിർണയഫോർമാറ്റ് ചുവടെ ചേർക്കുന്നു.

## മൂല്യനിർണയഫോർമാറ്റ്

Evaluation Sheet – Vocal Music – Classical

| Authenticity in Shaili | Sur/Tone | Taal | Pronunciation of Lyrics | Creativity | Sequence of deliberation | Overall Presentation | Total Marks |
|---|---|---|---|---|---|---|---|
| 10 | 20 | 20 | 15 | 10 | 10 | 15 | 100 |

Evaluation Sheet – Vocal Music – Traditional Folk

| Authenticity in Shaili | Sur/Tone | Taal | Pronunciation of dialect | Use of props | Overall Presentation | Total Marks |
|---|---|---|---|---|---|---|
| 13 | 23 | 230 | 18 | 5 | 18 | 100 |

Evaluation Sheet – Instrumental Music – Classical

| Authenticity in Shaili | Sur/Tone | Taal | Tonal quality | Use of props | Overall Presentation | Total Marks |
|---|---|---|---|---|---|---|
| 12 | 22 | 22 | 17 | 12 | 15 | 100 |

Evaluation Sheet – Instrumental Music – Traditional Folk

| Authenticity in Shaili | Sur/Tone | Taal | Tonal quality | Use of props | Overall Presentation | Total Marks |
|---|---|---|---|---|---|---|
| 12 | 22 | 22 | 17 | 12 | 15 | 100 |

Evaluation Sheet – Dance – Classical

| Authenticity in Style | Deliberation | Expression | Taal | Creativity | Overall Presentation | Total Marks |
|---|---|---|---|---|---|---|
| 13 | 13 | 18 | 18 | 20 | 18 | 100 |

Evaluation Sheet -- Dance – Folk

| Authenticity in Style | Deliberation | Expression | Taal | Creativity | Overall Presentation | Total Marks |
|---|---|---|---|---|---|---|
| 13 | 13 | 18 | 18 | 20 | 18 | 100 |

PS

Evaluation Sheet – Visual Arts (2-dimensional)

| Style | Composition | Originality | Fitness | Technique | Overall impact | Presentation/ Narration | Total Marks |
|---|---|---|---|---|---|---|---|
| 10 | 15 | 20 | 10 | 10 | 15 | 20 | 100 |

Evaluation Sheet – Visual Arts (3-dimensional)

| Style | Utility of the product | Originality of style | Finishing | Technique/ Skill | Overall impact | Presentation/ Narration | Total Marks |
|---|---|---|---|---|---|---|---|
| 10 | 15 | 20 | 10 | 10 | 15 | 20 | 100 |

Evaluation Sheet – Indigenous Toys and Games

| Experience | Utility/ Development value of the product | Originality and contextual creativity | Finishing | Technique/ Skill | Overall impact | Presentation/ Narration | Total Marks |
|---|---|---|---|---|---|---|---|
| 10 | 15 | 20 | 10 | 10 | 15 | 20 | 100 |

18. ബി.ആർ.സി.കളിൽ നിന്നും വിജയികളെ കണ്ടെത്തി അവരുടെ റെക്കോഡ് ചെയ്ത വീഡിയോ ഉൾപ്പെടെ ജില്ലയ്ക്ക് 29-11-2020-ന് മുൻപായി എത്തിക്കേണ്ടതാണ്.

19. സംഘാടകരും വിധികർത്താക്കളും ഉൾപ്പെടെ പരമാവധി 10 പേർക്ക് Food & refreshment ഇനത്തിൽ പ്രതിശീർഷം 150/- രൂപ/പ്രതിദിനം ചെലവാക്കാവുന്നതാണ്. ഇത്തരത്തിൽ ബി.ആർ.സി.തല മത്സരത്തിനായി ഒരു ബി.ആർ.സി.ക്ക് പരമാവധി 1000/- രൂപ ചെലവാക്കാവുന്നതാണ്.

20. കെ.എസ്.ആർ. പ്രകാരമുള്ള ടി.എ. വിധികർത്താക്കളായ സ്പെഷ്യലിസ്റ്റ് അധ്യാപകർ/ട്രെയിനർമാർ/സി.ആർ.സി. കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് മാത്രം ബി.ആർ.സി.യിൽ നിന്ന് കൈപ്പറ്റാവുന്നതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

To

എല്ലാ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

1. അഡീഷണൽ ഡയറക്ടർമാർ
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. അക്കൗണ്ട്സ് ഓഫീസർ
7. കരുതൽ ഫയൽ